**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmail.com

---

**Appeal Petition No. P/034/2024**
**(Present A. Chandrakumaran Nair)**
**Dated: 26-07-2024**

| | | |
|---|---|---|
| Appellant | : | Shri. P.A.Paulose |
| | : | S/O Anthony |
| | : | Pereppadan House |
| | : | Naduthuruth, Meloor, |
| | : | Chalakkudy, Thrissur |
| Respondent | : | The Assistant Executive Engineer, |
| | : | Electrical Sub Division, |
| | : | Kerala State Electricity Board Ltd., |
| | | Koratty, Thrissur Dist., |

## ORDER

### പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. പൗലോസ് മേലൂർ ഇലെക്ട്രിക്കൽ സെക്ഷൻ പരിധിയിൽപ്പെട്ട കൃഷി സ്ഥലത്തേക്ക് കൃഷി ആവശ്യത്തിനായി വൈദ്യതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചു. ലൈസൻസിയുടെ ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തുകയും എസ്റ്റിമേറ്റ് നൽകുകയും ചെയ്തു. സർവീസ് കണക്ഷൻ എടുക്കേണ്ട പോസ്റ്റ് റോഡിന്റെ മറുവശത്തായതിനാൽ wp വയറിന് സപ്പോർട്ട് ആയി ഒരു പോസ്റ്റ് സ്ഥാപിക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ വാഹന ഗതാഗതം ഉള്ള റോഡിൽ നിയമപ്രകാരമുള്ള ഉയരം ലഭ്യമാകുകയുള്ളു. പരാതിക്കാരൻ സ്ഥാപിച്ചിട്ടുള്ള pump room ന്റെ ഉയരം കുറവായതിനാൽ തന്നെ തറ നിരപ്പിൽ നിന്നുള്ള ഉയരപരിധി നിലനിർത്താൻ പോസ്റ്റ് വേണ്ടതാണെന്നും ലൈസൻസി അറിയിച്ചു. അധിക പോസ്റ്റ് നിർത്താതെ തന്നെ പരാതിക്കാരന് നേരിട്ട് പമ്പ് ഹൌസിലേക്ക് കണക്ഷൻ വേണമെന്നതാണ് ആവശ്യം. അത് നടത്തിക്കൊടുക്കാൻ ലൈസെൻസി തയാറാവാത്തതിനാൽ പരാതിയുമായി CGRF ൽ എത്തി കേസ് പരിശോധിച്ച് നടപടി

പൂർത്തിയാക്കി CGRF ന്റെ ഉത്തരവ് 28/05/2024 ൽ ഇറങ്ങി. അതുപ്രകാരം പോസ്റ്റ് നിർത്തിക്കൊണ്ട് സർവീസ് കണക്ഷൻ വലിക്കുന്നതിനും, ഈ ചെലവ് പരാതിക്കാരൻ വഹിക്കണമെന്നും പ്രതിപാദിച്ചിരിക്കുന്നു. അതിൽ തൃപ്തനാകാതെയാണ് പരാതിക്കാരൻ അപ്പീൽ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

സാർ ,

ഞാൻ പി.എ പൗലോസ് കാർഷിക വൈദുതി കണക്ഷന് വേണ്ടി മേലൂർ ഇലെക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.അപേക്ഷ പ്രകാരം സെക്ഷൻ ഓഫീസിൽ നിന്നും സ്ഥലം വന്നു കാണുകയും അതുപ്രകാരം അവർ എസ്റ്റിമേറ്റിൽ സപ്പോർട്ട് പോസ്റ്റ് വേണമെന്ന് അറിയിക്കുകയും ചെയ്തു. Post to Motor shed നീളം 25 meter ആയതിനാൽ suport post ആവശ്യം ഇല്ല. 35 meter വരെ without post ഇല്ലാതെ service connection ന് കൊടുക്കാം. എന്നാൽ post നും motor shed നും ഇടയിൽ 8.5 meter വീതിയുള്ള tar ഇട്ട പഞ്ചായത്ത് റോഡ് ഉണ്ട്. അതുകൊണ്ട് suport post ആവശ്യമാണ് എന്ന് പറയുന്നത്. post ന് എതിർവശത്തുള്ള വീട്ടുകാർക്ക് ആർക്കും തന്നെ സപ്പോർട്ട് പോസ്റ്റ് കൊടുത്തിട്ടില്ല. എനിക്ക് മാത്രമാണ് സപ്പോർട്ട് പോസ്റ്റ് ആവശ്യം വന്നത്. KSEB യുടെ എസ്റ്റിമേറ്റ് പ്രകാരം പോസ്റ്റ് ഇട്ട് സർവീസ് വയർ വലിക്കുമ്പോൾ അതിന്റെ ഇടയിൽ എന്റെ തെങ്ങ് , കവുങ്ങ്, വാഴ , ജാതി , തേക്ക്, കോഴിക്കൂട്, കടപ്ലാവ് എന്നിവയുടെ ഇടയിൽക്കൂടി സർവീസ് വയർ വലിക്കുന്നത് എനിക്ക് ഭാവിയിൽ കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകും. അതുകൊണ്ട് Post ഇല്ലാതെ തന്നെ എനിക്ക് കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി ഉത്തരവ് നൽകണം.

## എതിർകക്ഷിയുടെ വാദം

ഹർജിസംഗതിയിൽ പ്രതിപാദിക്കുന്ന പ്രകാരം പരാതിക്കാരൻ മേലൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽപ്പെട്ട കാളിപുരം അമ്പലത്തിനു സമീപം ഉള്ള സ്ഥലത്തേക്ക് കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ശ്രീ .പൗലോസ് ,അന്തോണി മകൻ,പെരേപ്പാടൻ വീട് ,നടുത്തുരുത് ,മേലൂർ എന്നവർ അപേക്ഷ സമർപ്പിച്ചു.ആയതിനാൽ പ്രകാരം സബ് എഞ്ചിനീയർ ശ്രീ.അതുൽ എം ഡി 16.03.2024 തീയതിയിൽ സ്ഥലപരിശോധന നടത്തുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു .പ്രസ്തുത എസ്റ്റിമേറ്റിൽ വൈദ്യുതി നൽകുന്നതിന്റെ ചിലവിലേക്കായി 7547 രൂപ സപ്പോർട്ട് പോസ്റ്റിനും,1914 രൂപ സിംഗിൾ ഫേസ് സർവീസ് കണക്ഷൻ

നൽകുന്നതിനും, 400 രൂപ ക്യാഷ് ഡെപ്പോസിറ്റിനത്തിൽ, 18 %GST ഇനത്തിൽ 1702 രൂപയും കെ എസ് ഇ ബി ഓഫീസിൽ അടക്കണമെന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ശ്രീ .പൗലോസ്, പെരേപ്പാടൻ വീട്, നടുത്തുരുത് , മേലൂർ എന്നവരെ അറിയിച്ചിരുന്നു. എന്നാൽ WP സപ്പോർട്ട് അനാവശ്യമാണെന്ന് കൺസ്യൂമർ പറഞ്ഞത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തുകയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നത്തിനായി സ്ഥാപിച്ചിട്ടുള്ള ഷെഡിനു 1.90 മീറ്റർ പൊക്കം മാത്രമാണുള്ളത് എന്നും സപ്ലൈ നൽകേണ്ട പോസ്റ്റ് റോഡിനു മറുവശത്തു മാറിയാണ് നിൽക്കുന്നത് എന്നിവ പരിഗണിച്ചാൽ സർവീസ് വയറിനു സപ്പോർട്ട് പോസ്റ്റ് നിയമപരമായി ആവശ്യമാണെന്ന് ഉപഭോക്താവിനെ ബോധ്യപ്പെടുത്തി. ആയത് പ്രകാരം അടവാക്കുന്നതിനായി ഡിമാൻഡ് നോട്ടീസ് നൽകുകയും ചെയ്തു.

തുടർന്ന് കൺസ്യൂമർക്ക് പ്രസ്തുത സർവീസ് കണക്ഷൻ എസ്റ്റിമേറ്റിന്മേൽ WP സപ്പോർട്ട് ഉൾപ്പെടുത്തുന്നത് തൃപ്തകരമല്ല എന്ന് വീണ്ടും പരാതി പറഞ്ഞതനുസരിച്ചു 20.03.2024 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊരട്ടി പ്രസ്തുത സ്ഥലത്തു എത്തി പരിശോധന നടത്തുകയും ഉണ്ടായി .സ്ഥല പരിശോധനയിൽ കൺസ്യൂമറുടെ പറമ്പിനും ലൈനിനും ഇടയിൽ ഏകദേശം 5 .80 meter വീതിയുള്ള ടാർ ഇട്ട ഒരു പൊതു വഴി ഉള്ളതായി കണ്ടു. മേലൂർ കാളിപുരത്തു നിന്ന് കാലടി സെന്ററിലേക്ക് പോകുന്ന പഞ്ചായത്തു റോഡ് ആണ് പ്രസ്തുത റോഡ് പ്രസ്തുത റോഡിന്റെ വടക്ക് വശത്തുകൂടി LT ലൈൻ കടന്നു പോകുന്നത് എന്നാൽ പറമ്പു സ്ഥിതി ചെയ്യുന്നത് റോഡിനു തെക്കുവശത്താണ്.

പ്രസ്തുത സാഹചര്യത്തിൽ CEA Regulation 2010 Reg 58(2) പ്രകാരം റോഡിനു കുറുകെ വലിക്കുന്ന ലൈനുകൾ നിലത്തു നിന്നും 5.8 മീറ്റർ ഉയരത്തിലായിരിക്കണം അതുപോലെ പറമ്പുകളിൽ ഇൻസുലേറ്റഡ് ലൈൻ വലിക്കുമ്പോൾ ഇൻസുലേറ്റഡ് വയറിനു CEA Reg 58 (3) പ്രകാരം 4 മീറ്റർ ഭൂമിയിൽ നിന്ന് ഉയരം പാലിക്കണമെന്ന് ഉണ്ട്. മാത്രമല്ല നിയമപരമായ സുരക്ഷാ അകലം പാലിക്കുന്നതിനായി പോസ്റ്റ് സ്ഥാപിക്കേണ്ടതുണ്ടെങ്കിൽ അത്തരം പോസ്റ്റുകൾ KSEBL ന്റെ പോസ്റ്റുകൾ തന്നെ ആയിരിക്കണമെന്ന് ബോർഡ് ഉത്തരവ് നിലവിൽ ഉണ്ട്.

ഈ സാഹചര്യങ്ങളാൽ സപ്പോർട്ട് പോസ്റ്റ് അനിവാര്യമായതിനാലാണ് ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത്. ബഹുമാനപ്പെട്ട സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ അവർകൾ മുമ്പാകെ ബോധ്യപ്പെടുത്തി കൊള്ളുന്നു. മേൽ സമർപ്പിച്ചിരിക്കുന്ന വസ്തുതകൾ

പരിഗണിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ പരാതി തള്ളി ഉത്തരവുണ്ടാകുവാൻ അപേക്ഷിച്ചു കൊള്ളുന്നു.

## വിശകലനവും കണ്ടെത്തലുകളും

ലൈസൻസിയുടെ മേലൂർ ഇലക്ട്രിക്ക് സെക്ഷന്റെ പരിധിയിൽപെട്ട കാളി പുരം എന്ന സ്ഥലത്താണ് പരാതിക്കാരൻ താമസിക്കുന്നത്. അദ്ദേഹത്തിന്റെ വീടിനോട് ചേർന്നുള്ള സ്ഥലത്തു പലതരം കൃഷി നടത്തിവരികയാണ്. വിളകൾക്ക് നനക്കാൻ വേണ്ടി വീട്ടിലേക്ക് എടുത്തിരിക്കുന്ന കണക്ഷനിൽ നിന്നുള്ള വൈദുതി ഉപയോഗിച്ചാണ് പമ്പ് പ്രവർത്തിപ്പിക്കുന്നത്. എന്നാൽ കൃഷിക്ക് വേണ്ടി പ്രത്യേക കണക്ഷൻ എടുക്കാമെന്ന തീരുമാനത്താൽ pump house ഉണ്ടാക്കുകയും അവിടെ പമ്പ് മുതലായവ സ്ഥാപിക്കുകയും ചെയ്തു.പുതിയ കാർഷിക connectionനു വേണ്ടി മേലൂർ സെക്ഷനിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലൈസൻസിയുടെ ഉദ്യോഗസ്ഥൻ സ്ഥലത്തു പരിശോധന നടത്തുകയുണ്ടായി. ഒരു പൊതുവഴി ഈ സ്ഥലത്തിന് അടുത്തുകൂടി പോകുന്നുണ്ട്. ആ റോഡിന്റെ ഇരുവശങ്ങളിലുമായാണ് വൈദ്യത പോസ്റ്റും കൃഷി സ്ഥലവും സ്ഥിതി ചെയ്യുന്നത്. പോസ്റ്റിൽ നിന്നും എടുക്കുന്ന wp വയർ റോഡിന്റെ മുകളിലൂടെയാണ് പമ്പ് ഹൌസിലേക്ക് പോകേണ്ടത്. പമ്പ് ഹൌ സിന്റെ ഉയരം ഏകദേശം 2 മീറ്ററിനകത്തായതിനാൽ പോസ്റ്റിൽ നിന്നും എടുക്കുന്ന wp ലൈനിന് റോഡിൽ നിന്നും നിയമാനുസൃതം വേണ്ട ഉയരം ലഭ്യമാകുകയില്ല. അതിനാൽ wp വയർ ഒരു പുതിയ പോസ്റ്റ് സ്ഥാപിച്ചു അതിലൂടെ വലിച്ചാൽ മാത്രമേ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഉയര പരിധി ലഭിക്കുകയുള്ളു. അതിനാൽ തന്നെ ഒരു പോസ്റ്റ് ഉൾപ്പടെയുള്ള തുക കാണിച്ചാണ് എസ്റ്റിമേറ്റ് നൽകിയത്. എന്നാൽ പരാതിക്കാരന്റെ ആവശ്യം പോസ്റ്റില്ലാതെ കണെക്ഷൻ നൽകുകയെന്നതാണ്. പമ്പ് ഹൌസിനു മുകളിൽ സ്ഥാപിച്ചിട്ടുള്ള GI പൈപ്പിലേക്ക് വലിച്ചു കെട്ടിയാൽ ഉയര പരിധി ലഭിക്കും എന്നാണ് പരാതിക്കാരൻ വാദിക്കുന്നത്.. മാത്രവുമല്ല, മുൻകാലങ്ങളിൽ ഇതുപോലെ നൽകിയിട്ടുണ്ട് എന്നും അവകാശപ്പെട്ടു. എതിർകക്ഷി പറയുന്നത് 2018 ന് ശേഷം ആ രീതിയിൽ ഒരു കണക്ഷനും നൽകിയിട്ടില്ല എന്നതാണ്.

The Central Electricity Authority (Measures relating to safety and Electric Supply) Regulation 2010 ലെ റെഗുലേഷൻ 58 ൽ താഴെ പറയുന്ന പ്രകാരം പ്രതിപാദിച്ചിരിക്കുന്നു.

58(1). No conductor of an over headline including service lines erected across a street shall at any part there of be at a height of less than

(i) For lines of voltage not exceeding 650 volts - 5.8 meter
(ii) For lines of voltage exceeding 650 volts but not exceeding 33 kv - 6.1 meter

(3) No conductor of an overhead line including service lines erected else where than along or across any street shall be at a height less than

(i) For lines of voltage up to and including 11000 Volts,
If bare- 4.6 meter

(ii) For lines of voltage up to and including 11000 Volts,
if insulated - 4.00

പ്രസ്തുത റെഗുലേഷൻ പ്രകാരം റോഡിനു കുറുകെ വലിക്കുന്ന ലൈനിനു തറ നിരപ്പിൽ നിന്ന് 5.8 മീറ്ററും പുരയിടത്തിൽ തറ നിരപ്പിൽ നിന്ന് 4 മീറ്ററും clearence വേണ്ടതാണ്. 2 മീറ്റർ ഉയരമുള്ള പമ്പ് ഹൌസിലേക്ക് പോസ്റ്റിൽ നിന്ന് നേരിട്ട് വലിക്കുമ്പോൾ ലൈൻ താഴ്ന്നു പോകുകയും നിയമാനുസൃതമായ clearence ലഭിക്കുകയും ചെയ്യില്ല. ഒരു പോസ്റ്റ് അധികമായി സ്ഥാപിച്ചു WP വയറിനു താങ്ങു നൽകുമ്പോൾ നിശ്ചിത clearence ലഭ്യമാകും എന്ന് ലൈസൻസി അഭിപ്രായപ്പെട്ടത്.

KSEBL ൽ 04/10/2019 പുറപ്പെടുവിച്ചിരിക്കുന്ന സർക്കുലറിൽ ഇപ്രകാരം പറയുന്നു.

> *"If a permanent fixture is provided by the applicant on any permanent structure to which the connection is sought, the weather proof wire to provide the connection can be drawn by fastening the support wire to the permanent fixture if sufficient ground clearence can established by this and if the position of the metering point allows it. Adequate insulation at the fastening point shall also be ensured."*
>
> *"If a separate support is absolutely essential to maintain statutory ground clearance or to avoid infringements only standard PSC poles shall be used"*

ഒരു സർവീസ് വയറിന് താങ്ങ് ആവശ്യമായി വന്നാൽ അത് PSC poles തന്നെ ആയിരിക്കണമെന്ന് ഇതിൽ നിഷ്കർഷിച്ചിരിക്കുന്നു. അല്ലെങ്കിൽ ഉപഭോക്താവ് നിർമ്മിച്ചിട്ടുള്ള permanent structure ഉം ഇതിനായി ഉപയോഗിക്കാം. അതായത് ഉപഭോക്താവ് ഒരു PSC pole പമ്പ് ഹൌസിനോട് ചേർന്ന് സ്ഥാപിച്ചാൽ അതും ഉപയോഗിക്കാം.

കേരള ഇലെക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ 82-ആം റെഗുലേഷൻ താഴെ കാണും പ്രകാരമാണ്.

> *82. "Demand not to be prepared as per cost data approved by Commission.*
>
> > *1. The Demand note shall be prepared as per the provisions of this code and on the basis of the cost data approved by the Commission from time to time"*

ഇതിൽ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നത് അംഗീകരിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു.എസ്റ്റിമേറ്റ് തയാറാക്കിയത് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള നിരക്ക് പ്രകാരമാണെന്നു എതിർകക്ഷി സമ്മതിച്ചിരിക്കുന്നു.

**തീരുമാനം**

1.പരാതിക്കാരൻ സർവീസ് കണക്ഷൻ psc pole സ്ഥാപിച്ചു എടുക്കുന്നതിനുള്ള തുക അടക്കേണ്ടതും അതുപ്രകാരം ലൈസൻസി കണക്ഷൻ നൽകേണ്ടതുമാണ്.

2. മുകളിലെ തീരുമാനം പരാതിക്കാരന് സ്വീകാര്യമല്ലെങ്കിൽ പമ്പ് ഹൌസിനോട് ചേർന്ന് ഒരു PSC Pole പരാതിക്കാരൻ സ്ഥാപിക്കേണ്ടതും അത് താങ്ങായി ഉപയോഗിച്ച് ലൈസൻസി കണക്ഷൻ നൽകേണ്ടതുമാണ്.

3. മറു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ELECTRICITY OMBUDSMAN**

No. P/034/2024/ dated:

Delivered to:

1. P.A Poulose, Pereppadam House, Meloor, Chalakkudy Thrissur Dist., Pin- 680311

2. The Assistant Executive Engineer, Electrical Sub Division KSE Board Limited., Koratty, Thrissur. Dist.,

Copy to:

1. The Secretary, Kerala State Electricity Regulatory Commission, KPFC Bhavanam, Vellayambalam, Thiruvananthapuram-10.

2. The Secretary,KSE Board Limited, Vydhyuthibhavanam, Pattom, Thiruvananthapuram-4

3. The Chairperson, Consumer Grievance Redressal Forum, 220 Kv Sub station compound, HMT Colony P.O, Kalamassery, Ernakulam. Pin-683503